കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നന്നമ്പ്ര ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.15/2295/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തിയ്യതി. 27-09-19

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

പ്രസിഡന്റ് / സെക്രട്ടറി മുഖേന

നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്നമ്പ്ര ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

***********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എൽ. 10/19

കെ.എസ്.എ.എം.പി.എം.15/2295/2019 തിയ്യതി 27-09-19

<u>മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത്‌ 34രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.01.2019 മുതൽ 29.07.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : അജിത് ആർ, ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 27.08.2019 മുതൽ 07.09.2019 വരെ.

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. ഉണ്ണി പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.അബ്ദുനാസർ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജിഷ കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി | ഓഡിറ്റർ |

**ബി ) നിർവഹണാധികാരികൾ**

**ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്**

| | |
|---|---|
| ശ്രീ.പനയത്തിൽ മുസ്തഫ | 01.04.2018 മുതൽ 31.03.2019 വരെ |

## ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

| | |
|---|---|
| ശ്രീമതി.ബിസിലി ബിന്ദു.ടിഎസ് | 01.04.2018 മുതൽ 14.03.2019 വരെ |
| ശ്രീ.ജോളി ജോൺ.ജെ (സെക്രട്ടറി ഇൻ ചാർജ്) | 15.03.2019 മുതൽ 31.03.2019 വരെ |

## നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ജോളി ജോൺ.ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഹേമലത .സി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ് | നിഷ. പികെ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ലീല.സി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | വി. സംഗീത | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | സിജിൻ.കെ | 01.04.2018 മുതൽ 31.05.2018 വരെ |
| | ബിന്ദു .പി | 01.06.2018 മുതൽ 31.03.2019 വരെ |
| വെറ്റനറി സർജൻ | ഡോ. പ്രമോദ് .എസ് | 01.04.2018 മുതൽ 22.07.2018 FN വരെ |
| | ഡോ.സാജു ജോർജ് | 22.07.2018 മുതൽ 27.11.18 FN വരെ |
| | ഡോ.നൗഷാദലി | 27.11.2018 മുതൽ 28.11.2018 FN വരെ |
| | ഡോ.സാജു ജോർജ് | 28.11.2018 മുതൽ 30.11.18 FN വരെ |
| | ഡോ.സബീർ ഹുസൈൻ.കെ | 30.11.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സൽമ .വി.പി | 1.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | മിനു. എസ് | 01.04.2018 മുതൽ 04.06.2018 വരെ<br>11.07.2018 മുതൽ 24.07.2018 വരെ |
| | ഷെരീഫ്.കെ.സി | 05.06.2018 മുതൽ 10.07.2018 വരെ |
| | ഗോകുൽ.കെ | 25.07.2018 മുതൽ 31.03.2019 വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം I<br>ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |

| | | |
|---|---|---|
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി അപാകതകൾ | 1-12 |
| 13 | രശീതി ഉപയോഗത്തിലെ അപാകത | 1-13 |
| 14 | ഡി&ഒ ലൈസൻസ് അപാകതകൾ | 1-14 |
| 15 | വ്യത്യസ്ത കെട്ടിടങ്ങൾക്ക് ഒരേ കെട്ടിട നംമ്പർ അനുവദിച്ചു. | 1-15 |
| 16 | കാർഷിക മേഖലയിലെ പ്രോജക്ടുകൾ- നിർവ്വഹണത്തിലെ അപാകതകൾ | 1-16 |
| 17 | പി എച്ച് സി യിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ- നടപടി ക്രമങ്ങളിലെ അപാകതകൾ | 1-17 |
| 18 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല | 1-18 |
| 19 | രേഖകൾ പൂർണ്ണമല്ല | 1-19 |
| 20 | അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല | 1-20 |
| 21 | എസ് എസ് എ - വിനിയോഗ സാക്ഷ്യപത്രം | 1-21 |
| 22 | മരുന്നുകൾ ലഭ്യമായില്ല | 1-22 |
| 23 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് - മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കുന്നില്ല. | 1-23 |
| 24 | പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്. | 1-24 |
| 25 | ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ അളവിൽ ബിറ്റുമിൻ വാങ്ങിയതായി രേഖയില്ല | 1-25 |
| 26 | ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളിൽ ചെലവ് രേഖകൾ പൂർണ്ണമല്ല | 1-26 |
| 27 | റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല | 1-27 |
| 28 | ഇ- ടെണ്ടർ വഴിയുള്ള ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല. | 1-28 |
| 29 | വാർഷിക പദ്ധതി രൂപീകരണത്തിൽ നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ വീഴ്ച സംഭവിച്ചു. | 1-29 |
| | | |

| | | |
|---|---|---|
| 30 | മുട്ടക്കോഴി വിതരണം ( വനിത) – പ്രോജക്ട് മേഖലയിലെ അടിസ്ഥാന വിവരത്തിന് അനുസൃതമല്ല. | 1-30 |
| 31 | അടിസ്ഥാന വിവരങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കുന്നില്ല | 1-31 |
| 32 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് വിതരണം- ഡാറ്റാ രജിസ്റ്റർ തയ്യാറാക്കണം | 1-32 |
| 33 | പേ-റിവിഷൻ അരിയർ- കുടിശ്ശിക ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല | 1-33 |
| ഭാഗം II<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 34 | ഇല്ല | |
| ഭാഗം III<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 35 | ഇല്ല | |
| ഭാഗം IV<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | | |
| 36 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 37 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 40 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 41 | സ്ഥിര നിക്ഷേപം | 4-6 |
| 42 | ഓഡിറ്റ് റിക്കവറി | 4-7 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 44 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 47 | അനുബന്ധം – 1 ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 48 | അനുബന്ധം – II Audited Abstract | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018 തീയതിയിലെ 1ാം- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 15.02.2019 തീയതിയിലെ 1ാം- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 20.04.2019 | | |

# 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 33093291.43 |
| വരവ് | 69433294 |
| ആകെ | 102526585.43 |
| ചെലവ് | 69690990 |
| നീക്കിയിരിപ്പ് | 32835595.43 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18742000 | 18742000 | 17977589 | 764411 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2713000 | 2713000 | 2306128 | 406872 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9246000 | 9246000 | 8520635 | 725365 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3969000 | 3969000 | 3915903 | 53097 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8699000 | 8699000 | 4481137 | 4217863 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 2155 | 76 | 2231 | 0 | 2231 |
| ദുരിതാശ്വാസനിധി | 0 | 0 | 0 | 0 | 0 |
| തൊഴിലാ | 0 | 7722459 | 7722459 | 7722459 | 0 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | ളികളുടെ കൂലി | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 34201 | 983390 | 1017591 | 238016 | 779575 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (SSA) | | 258879 | 9181 | 268060 | 0 | 268060 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | 0 | 0 | 0 | 0 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 435552 | 3409984 | 3845536 | 3624193 | 221343 |
| | ജില്ലാ പഞ്ചായത്ത് | 0 | 697110 | 697110 | 697110 | 0 |
| 2017-18 ലെ മുൻഗണനാ പ്രവൃത്തി -വാർഷിക പദ്ധതിയിൽ ഉൾപ്പെടാത്തത് | | 819033 | 795508 | 1614541 | 1614541 | 0 |
| ബി ഫണ്ട് | | 0 | 45546120 | 45546120 | 45546120 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 0 | 0 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് ഇ-പെയ്മെന്റ്-ടി.എസ്.സി.ബി- | 110902<br>3672993.43 | 138360<br>8374995 | 249262<br>12047988.43 | 141893<br>6801092 | 107369<br>5246896.43 |
| | ട്രഷറി അക്കൗണ്ട് | 26784434 | 15835749 | 42620183 | 18402726 | 24217457 |
| മറ്റിനം | സാനിറ്റേഷൻ | 879783 | 1421068 | 2300851 | 420000 | 1880851 |
| | ജലനിധി | 37260 | 661 | 37921 | 0 | 37921 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 79611311 | 114 | 53400694 | 14 | 54 | 62.63 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 34201 | 983390 | 1017591 | 238016 | 779575 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 7722459 | 7722459 | 7722459 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 40320 | 22 |
| കർഷക തൊഴിലാളി പെൻഷൻ | 3697700 | 303 |
| വിധവാ പെൻഷൻ | 13265300 | 1106 |
| വാർദ്ധക്യകാല പെൻഷൻ | 22543000 | 1916 |
| വികലാംഗ പെൻഷൻ | 5263100 | 450 |
| വിവാഹ ധന സഹായം | 180000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 211200 | 18 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12256 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ് പൂർണ്ണമല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.06.2019 | 31.05.2019 | 10.06.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.02.2017 | 2015-2016 വരെ | 29.03.2017 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. ടോട്ടൽ സാനിട്ടേഷൻ പ്രോഗ്രാം ഇനത്തിൽ ബി.17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 1880851 രൂപ ബി4 ഷെഡ്യൂളിലെ തുകയുമായി (1861721) പൊരുത്തപ്പെടുന്നില്ല.

2. ഡി &ഓ ലൈസൻസ് ഫീ I-4(b)പ്രകാരമുള്ള വരവുതുക 57000 രൂപ രജിസ്റ്ററിലെ സംക്ഷിപ്തം പ്രകാരം ശരിയാണ്. എന്നാൽ പേജ് ക്രമത്തിൽ തുക കൂട്ടിയിട്ടതിൽ അപാകത കാണുന്നു.ഉദാ- പേജ് 33ലെ ആകെ തുക 1700 ന പകരം 1450 രൂപയാണ് ചേർത്തത്.

3. ലൈബ്രറി സെസ്സ് ആകെ വരവ് ആർപി 36 ഷെഡ്യൂൾ പ്രകാരം 250996 രൂപയാണ്. എന്നാൽ സഞ്ചയ ഡി.സി.ബി പത്രിക പ്രകാരം ഈയിനത്തിലെ വരവ് 254486 രൂപയാണ്. (കുടിശ്ശിക 3169 +തൻവർഷം 251317)

4. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ പേജ് ക്രമത്തിലുള്ള തുക ചേർത്ത് പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ, മററ് പെർമിറ്റ് ഫീ ഇനത്തിൽ ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കാത്തതിനാൽ ആർപി 4 പ്രകാരം ഈയിനങ്ങളിലെ വരവ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

5. അക്രൂവൽ അക്കൗണ്ടിങ്ങ് രീതി തുടങ്ങുന്നതിന് മുമ്പ് ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച ആസ്തികളുടെ മൂല്യ നിർണ്ണയം നടത്തി ബാലൻസ് ഷീറ്റിലെ ആസ്തി വിവരവുമായി പൊരുത്തപ്പെടും വിധം ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

# 1-12 തൊഴിൽ നികുതി അപാകതകൾ

<u>വരുമാന പത്രികയിൽ ആവശ്യമായ വിവരങ്ങൾ ചേർക്കുന്നില്ല.</u>

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ, വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്നവർക്ക് തെഴിൽ നികുതി ചുമത്തേണ്ടതാണ്. വകുപ്പ് 205.സി, 205.ഡി എന്നിവ പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്ത് അടക്കുമ്പോൾ ഓഫീസ് മേധാവി /സഥാപന ഉടമ സമർപ്പിക്കുന്ന വരുമാന പത്രികയിൽ ജീവനക്കാരുടെ അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല. ആയതിനാൽ ജീവനക്കാരിൽ നിന്നും ഈടാക്കേണ്ട യഥാർത്ഥ തൊഴിൽ നികുതി എത്രയാണ് എന്നത് നിർണ്ണയിക്കുവാൻ സാധിക്കുന്നില്ല. ജീവനക്കാർ സമർപ്പിക്കുന്ന വരുമാന പത്രികയിൽ ആവശ്യമായ വിവരങ്ങൾ ചേർത്തിട്ടുണ്ട് എന്നുള്ളത് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

<u>തെറ്റായ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി</u>

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ തെയ്യാല ഡെന്റൽ ക്ലിനിക്കിലെ ജീവനക്കാരായ റുഫ്സാന.എംവി, സുവിധ എന്നവരിൽ നിന്നും 150 /- രൂപ വീതമാണ് 2018-19 രണ്ടാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതിയായി ഈടാക്കിയിട്ടുള്ളത്. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഈടാക്കാവുന്ന തൊഴിൽ നികുതി നിരക്ക് പ്രകാരം തെറ്റായ നിരക്കാണ് ഈടാക്കിയിട്ടുള്ളത്. ടി ജീവനക്കാർ സമർപ്പിച്ചിട്ടുള്ള വരുമാന പത്രികയിൽ വരുമാന വിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ ഈടാക്കിയ നികുതി തുകയിലെ നഷ്ടം കണക്കാക്കാൻ സാധിച്ചിട്ടില്ല.

<u>തൊഴിൽ ഒഴിവാക്കി നൽകുന്നതിന് ആവശ്യമായ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.</u>

ജി.ഒ(ആർ.ടി)1366/90/ത.സ്വ.ഭ.വ തിയതി. 23.03.1990 ഉത്തരവ് പ്രകാരം തൊഴിൽ നികുതി ഒഴിവാക്കി നൽകുമ്പോൾ സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സപെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്ന് സാക്ഷ്യപത്രം ഹാജരാക്കി, ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

# 1-13 രശീതി ഉപയോഗത്തിലെ അപാകത

രശീതി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് ജീവനക്കാർ ഒന്നിലധികം രശീതികൾ ഒരേ സമയം കൈവശം വച്ചതായും ഒരേദിവസം ഒന്നിലധികം രസീതികൾ ഉപയോഗിച്ചതായും കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് വിവരം | രശീതി ബുക്ക് നമ്പർ | പണം പിരിവ് നടത്തിയ തിയതി |
|---|---|---|
| പ്രീജ. കെ.എൻ | 32698(1മുതൽ 19 വരെ) | 19.02.2019 |
| | 32701(1മുതൽ 42 വരെ) | |
| | 32698(19മുതൽ 38 വരെ) | 23.02.2019 |
| | 32701(43മുതൽ 100 വരെ) | |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 83 പ്രകാരം ഒഴിവാക്കാനാകാത്ത സന്ദർഭങ്ങളൊഴികെ പൂർണ്ണമായി രശീതികൾ ഉപയോഗിച്ച് തീരാതെ പുതിയ രശീതി ബുക്ക് നല്കാൻ പാടില്ലാത്തതും ഇപ്രകാരം നല്കുകയാണെങ്കിൽ കാരണം വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (8/6.09.2019)ക്ക് അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി തന്നിട്ടുണ്ട്.

# 1-14 ഡി&ഒ ലൈസൻസ് അപാകതകൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഇത് പൂർണ്ണമല്ല. നിലവിലുള്ള ട്രേഡേഴ്സ് രജിസ്റ്ററിൽ പഞ്ചായത്ത് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്.

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2018-19 ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ ഭൂരിഭാഗവും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. 350 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതിൽ 148 സ്ഥാപനങ്ങൾ മാത്രമാണ് നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കിയത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ കാണുന്നില്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുമ്പ് ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നത്മൂലം നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ

ലഭ്യമാകുന്നതിന് സമഗ്രമായ ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

# 1-15 വ്യത്യസ്ത കെട്ടിടങ്ങൾക്ക് ഒരേ കെട്ടിട നമ്പർ അനുവദിച്ചു.

ഗ്രാമ പഞ്ചായത്തിന്റെ അൺ ഓദറൈസ്ഡ് ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ 18-ാം വാർഡിൽ 1/UA എന്ന നമ്പർ രണ്ട് കെട്ടിടങ്ങൾക്ക് നൽകിയതായി കാണുന്നു. ഉടമസ്ഥരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1.രാധ മഞ്ഞായിൽ. അങ്കണത്തിൽ (വീട്)

2.നരിമടക്കൽ ഇബ്രാഹിം മകൻ മൻസൂർ, നരിമടക്കൽ(വീട്)

എന്നാൽ സഞ്ചയ അസ്സസ്മെന്റ് ഡിറ്റൈൽസ് പരിശോധിച്ചതിൽ 18/1 UA എന്ന കെട്ടിടം മൻസൂർ, നരിമടക്കൽ(വീട്) എന്നവരുടെ ഉടമസ്ഥതയിൽ ഉള്ളതാണ് എന്ന് വ്യക്തമായി. U.A രജിസ്റ്റർ പ്രകാരം രാധ മഞ്ഞായിൽ, അങ്കണത്തിൽ (വീട്) എന്നവരുടെ കെട്ടിടത്തിന് അനുവദിച്ചിട്ടുള്ള 18/1 UA എന്ന നമ്പറിൽ നികുതി നിർണ്ണയിച്ചതിന്റെയോ ഈടാക്കിയതിന്റെയോ വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ല. കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിനും ഈടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 കാർഷിക മേഖലയിലെ പ്രോജക്ടുകൾ- നിർവ്വഹണത്തിലെ അപാകതകൾ

കാർഷിക മേഖലക്ക് വളരെയികം പ്രാധാന്യമുള്ള നന്നമ്പ്ര ഗ്രാമ പഞ്ചായത്തിൽ കാർഷിക മേഖലയിലെ വിവിധ പ്രോജക്ടുകളിലെ അർഹതാ മാനദണ്ഡത്തിനനുസരിച്ചുള്ള ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. വളരെയധികം ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിട്ടും പ്രോജക്ടുകളുടെ നിർവ്വഹണ സമയത്ത് വിരലിലെണ്ണാവുന്ന ഗുണഭോക്താക്കളായി ചുരുങ്ങിയിട്ടുള്ളത് ഇക്കാരണം കൊണ്ടാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രോജക്ടുകളുടെ നിർവ്വഹണം ഫലപ്രദമായി മോണിറ്റർ ചെയ്യപ്പെടുന്നില്ല. 2018-19 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ചില അപാകതകൾ താഴെ ചേർക്കുന്നു.

**<u>1.പ്രോജക്ട് : ജലസേചനത്തിന് പമ്പ്സെറ്റ് (57/19)</u>**

ബിൽ നമ്പർ: 03/18-19/03.12.2018(16000/-)

16/18-19/18.03.2019(34000/-)

മേൽ പ്രോജക്ട് പ്രകാരം എട്ടു പേർക്ക് പമ്പ്സെറ്റ് വാങ്ങിയതിന് 50% നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 73 ഗുണഭോക്താക്കളിൽ 8 പേർക്കാണ് ആനുകൂല്യം നൽകിയത്. ഗുണഭോക്തൃ ലിസ്റ്റിൽ ഓരോ ഗുണഭോക്താക്കൾക്കും അർഹതാ മാനദണ്ഡപ്രകാരം ലഭ്യമായ മാർക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആനുകൂല്യം നൽകിയവരേക്കാൾ കൂടുതൽ മാർക്കു ലഭിച്ചവർ ലിസ്റ്റിലുണ്ടായിട്ടും അവരെ ഒഴിവാക്കിയതിന് വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യം കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗുണഭോക്തൃ ലിസ്റ്റിൽ കൂടുതൽ മാർക്കുള്ളവരെ ഫോണിൽ ബന്ധപ്പെട്ട് അവരുടെ

അറിവോടും സമ്മതത്തോടും കൂടിയാണ് താഴെയുള്ള ആളുകൾക്ക് ആനുകൂല്യം നൽകിയതെന്നും, കൂടുതൽ മാർക്കുള്ള ചിലർക്ക് 30 സെന്റ് സ്ഥലം ഇല്ലായിരുന്നുവെന്നും ചിലർക്ക് പമ്പ്സെറ്റ് വാങ്ങാൻ താത്പര്യം ഇല്ലായിരുന്നുവെന്നുമാണ് കൃഷി ഓഫീസർ മറുപടി നൽകിയത്. അർഹതാ മാനദണ്ഡത്തിനനുസരിച്ചല്ല ഗുണഭോക്താക്കൾക്ക് മാർക്കുകൾ നൽകിയതെന്ന് ഇതിൽ നിന്നും വ്യക്തമാവുന്നു.

2. ശ്രീ ദരീസ് എ എം എന്ന ഗുണഭോക്താവിന് 5068/- രൂപ സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ടെങ്കിലും ടിയാൻ പമ്പ്സെറ്റ് വാങ്ങിയതിന്റെ ബില്ലിന്റെ പകർപ്പ് ഹാജരാക്കിയില്ല. അയത് ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് ഓഡിറ്റ് അന്വേഷണത്തിന് നൽകിയത്. ബില്ലിന്റെ പകർപ്പ് ലഭ്യമാക്കുന്നതു വരെ തുക 5068/- രൂപ തടസ്സത്തിൽ വെക്കുന്നു.

3. ഫയലുകളിലൊന്നും തന്നെ മോണിറ്ററിംഗ് സമിതി റിപ്പോർട്ടുകൾ ഇല്ല.

<u>2.പ്രോജക്ട് : വെറ്റില കൃഷി വികസനം (71/19)</u>

ബിൽ നമ്പർ: 01/18-19/15.11.2018 (4,82,300/-)

05/18-19/03.12.2018 (17,700/-)

മേൽ പ്രോജക്ട് പ്രകാരം നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരായ കർഷകരിൽ സ്വന്തമായോ/ പാട്ടത്തിനോ ഒരു യൂണിറ്റിൽ (9 കൂട്ടം) കുറയാതെ വെറ്റിലകൃഷി ചെയ്യുന്നവർക്ക് കൃഷിക്കാവശ്യമായ ജൈവവളം വാങ്ങുന്നതിന് യൂണിറ്റിന് (75 ശതമാനം സബ്സിഡി) 2000/- രൂപ പ്രകാരം 250 യൂണിറ്റിന് 500000/- രൂപ വികസന ഫണ്ടിൽ നിന്നും (25% ഗുണഭോക്തൃ വിഹിതം) ചെലവഴിക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഫയലുകളിലൊന്നും തന്നെ മോണിറ്ററിംഗ് സമിതി റിപ്പോർട്ടുകൾ ഇല്ല.

2. ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ പ്രോജക്ട് പ്രകാരം വിഭാവനം ചെയ്തതിലും കൂടുതൽ തുക സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയത് പ്രകാരം കൃഷി ചെയ്ത യൂണിറ്റ് | അർഹമായ തുക | അനുവദിച്ച തുക | അധികം |
|---|---|---|---|---|---|
| 1 | സതീദേവി അടിയാട്ടിൽ | 1.57 | 3140 | 6600 | 3460 |
| 2 | കല്യാണിക്കുട്ടി വിളക്കീരി | 1 | 2000 | 4200 | 2200 |
| 3 | രമാദേവി,തഴക്കോട് | 3.38 | 6760 | 14200 | 7440 |
| 4 | സുഭദ്ര വിളക്കേരി മാണാത്ത് | 1.47 | 2940 | 6200 | 3260 |
| 5 | കാർത്ത്യായനി ചെറവത്ത് | 1.11 | 2220 | 4700 | 2480 |

പ്രോജക്ടിൽ വിഭാവനം ചെയ്തതിലും കൂടുതൽ തുക സബ്സിഡിയായി അനുവദിച്ചത് ക്രമപ്രകാരമല്ലെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപേക്ഷയിൽ സെന്റ് എന്ന് രേഖപ്പെടുത്തേണ്ടതിനു പകരം യൂണിറ്റ് എന്നു തെറ്റായി രേഖപ്പെടുത്തിയതാണെന്നും യഥാർത്ഥത്തിൽ സബ്സിഡി അധികമായി

നൽകിയിട്ടില്ലെന്നും മറുപടി ലഭ്യമാക്കി. പ്രോജക്ട് രൂപീകരണ സമയത്ത് യൂണിറ്റിനാണ് സബ്സിഡി നിരക്ക് നിശ്ചയിച്ചതെന്നിരിക്കെ അന്വേഷണ റിപ്പോർട്ടിൽ ആയത് കൃഷി ചെയ്ത വിസ്തൃതിയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എത്ര യൂണിറ്റ് കൃഷി ചെയ്തുവെന്നത് സാക്ഷ്യപ്പെടുത്താത്തതിനാൽ കൃത്യമായ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

3. <u>പ്രോജക്ട് : നേന്ത്ര വാഴക്കൃഷി (28/19)</u>

ബിൽ നമ്പർ: 04/18-19/03.02.2019 (1,50,000)

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരായ സ്വന്തമായോ/ പാട്ടത്തിനോ നേന്ത്ര വാഴകൃഷി ചെയ്യുന്ന കർഷകർക്ക് കൃഷിക്കാവശ്യമായ ജൈവവളം വാങ്ങി വിനിയോഗിക്കുന്നതിന് വാഴ ഒന്നിന് 75 ശതമാനം സബ്സിഡി ആയി 30 രൂപ നിരക്കിൽ 5000/- നേന്ത്ര വാഴകൾക്ക് 1,50,000/- രൂപ വികസന ഫണ്ടിൽ നിന്നും 25% ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നതിനുമാണ് വിഭാവനം ചെയ്തിരുന്നത്. പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 83 ഗുണഭോക്താക്കളെയാണ് മേൽ പദ്ധതിക്കായി ഭരണ സമിതി അംഗീകരിച്ചിട്ടുള്ളത് എന്നാൽ ആകെ 7 ഗുണഭോക്താക്കൾക്കായാണ് 150000/- രൂപ ചെലവഴിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | ഗുണഭോക്താവ് | കൃഷി ചെയ്ത വാഴകളുടെ എണ്ണം | അനുവദിച്ച സബ്സിഡി തുക |
|---|---|---|---|
| 1 | ശ്രീമതി ലക്ഷ്മി തണ്ടാം വീട്ടിൽ | 250 | 6000 |
| 2 | ശ്രീമതി സൈനബ കുന്നത്തേരി | 890 | 26700 |
| 3 | ശ്രീമതി പാത്തുമ്മു കുളത്ത് | 450 | 13500 |
| 4 | ശ്രീമതി ബിരിയക്കുട്ടി മട്ടത്തൂർ | 3000 | 56250 |
| 5 | ശ്രീമതി സുലൈഖ പി വി | 950 | 28500 |
| 6 | ശ്രീമതി സലീന കെ കെ | 475 | 14250 |
| 7 | ശ്രീമതി സൈനബ കാരാം കുണ്ടിൽ | 890 | 4800 |

പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച 83 ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും 7 പേർക്കു മാത്രമായി ആനുകൂല്യം ചുരുങ്ങാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് ശരിയായ രീതിയിലല്ല നടന്നതെന്നും ലിസ്റ്റിൽ ഉൾപ്പെട്ട 76 കർഷകരും നേന്ത്രവാഴകൃഷി ചെയ്യുന്നവരല്ലെന്നുമാണ് മറുപടി നൽകിയത്. പദ്ധതിയുടെ ഭാഗമായി ആനുകൂല്യം നൽകുന്നതിനുള്ള ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് നടപടിക്രമമനുസരിച്ച് (സ.ഉ നം. 11/2018/തസ്വഭവ തിയ്യതി 20.01.2018; ഖണ്ഡിക നമ്പർ 11.5) ഭരണസമിതി അംഗീകരിച്ച തദ്ദേശ ഭരണ സ്ഥാപന മുൻഗണനാലിസ്റ്റ് ഫീൽഡ് ലെവൽ പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതാണ്. അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ് തദ്ദേശ ഭരണ സ്ഥാപനം തയ്യാറാക്കുന്നത് അതാത് മേഖലകളിലെ ഉദ്യോഗസ്ഥർ കൺവീനറായുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെയാണ്. മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി തയ്യാറാക്കുന്ന കരട് മുൻഗണനാ ലിസ്റ്റിലെ ഗുണഭോക്താക്കളുടെ അർഹതയും മുൻഗണനയും രണ്ട്

ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തിയ ശേഷം സാക്ഷ്യപ്പെടുത്തിയാണ് ലിസ്റ്റ് പുതുക്കി ആക്ഷേപങ്ങൾ സ്വീകരിക്കാൻ പ്രസിദ്ധപ്പെടുത്തുന്നത്. ഗ്രാമസഭ അംഗീകരിച്ച മുൻഗണനാ ലിസ്റ്റിലെ മുൻഗണനാ ക്രമം തെറ്റിക്കാതെ ഭരണ സമിതി അംഗീകരിച്ച 83 പേരുള്ള മുൻഗണനാ ലിസ്റ്റിലെ 76 പേർ നേന്ത്രവാഴ കൃഷി ചെയ്യാത്തവരാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണം തൃപ്തികരമല്ല. അംഗീകരിച്ച മുൻഗണനാ ലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടതായോ അർഹരായവർ ഒഴിവായിപ്പോയതായോ കരുതുന്നുവെങ്കിൽ ആവശ്യമായ പരിശോധന നടത്തി ലിസ്റ്റ് പരിഷ്കരിക്കാനുള്ള അവസരം പ്രയോജനപ്പെടുത്തിയില്ല.

ജൈവവളം, കുമ്മായം തുടങ്ങിയവ വിതരണം ചെയ്യാൻ പൊതു വിഭാഗത്തിന് 75% വും പട്ടികജാതി/വർഗ്ഗ വിഭാഗത്തിന് 100 % വും സബ്സിഡി അനുവദനീയമാണെങ്കിലും വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക തദ്ദേശ ഭരണ സ്ഥാപനം നിശ്ചയിക്കാനാണ് സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം.22/2018 തസ്വഭവ, തിയ്യതി 14.02.2018 ) യിൽ 6(1).1 നമ്പർ ആയി നിർദ്ദേശിച്ചിട്ടുള്ളത്. പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കാതെയാണ് അടങ്കൽ തുക മുഴുവനായും 7 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്.

ആയതിനാൽ പഞ്ചായത്ത് അംഗീകരിച്ച 83 ഗുണഭോക്താക്കളിൽ 76 പേർ അനർഹരായിരുന്നെന്ന ഗുരുതരമായ പിഴവ് ഗ്രാമസഭാ തലത്തിൽ പരിശോധിച്ച് സാധൂകരണം ലഭ്യമാക്കേണ്ടതും വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക നിശ്ചയിച്ച് കൊണ്ടുള്ള ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതുമാണ്. അതു വരെ ചെലവ് തുക 150000/- രൂപ തടസ്സം ചെയ്യുന്നു.

2. ഫയലുകളിലൊന്നും തന്നെ മോണിറ്ററിംഗ് സമിതി റിപ്പോർട്ടുകൾ ഇല്ല.

**<u>4.പ്രോജക്ട് : സമഗ്ര നെൽകൃഷി വികസനം (53/19)</u>**

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ നെൽകൃഷിക്കാർക്ക് നെൽ വിത്തിന് നൂറു ശതമാനവും കൂലിച്ചെലവിനത്തിൽ ഹെക്ടറിന് 8500/- രൂപ നിരക്കിലും നൽകുന്നതിന് വികസന ഫണ്ടിൽ നിന്ന് 1863874/- രൂപയും തനത് ഫണ്ടിൽ നിന്ന് 831660/- രൂപയും ബ്ലോക്ക് ഷെയറായി 825000/- രൂപയും സബ്സിഡിയിനത്തിൽ നൽകുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഫയലുകളിലൊന്നും തന്നെ മോണിറ്ററിംഗ് സമിതി റിപ്പോർട്ടുകൾ ഇല്ല.

2. അപേക്ഷകളിൽ പരിശോധനാ വിവരം രേഖപ്പെടുത്താതെ ആനുകൂല്യം നൽകി. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. ശ്രീമതി നബീസു മങ്ങലങ്ങാട്ട്

2.ശ്രീ അബ്ദുറഹിമാൻ അരീക്കാട്ട്

3.ശ്രീ മുജീബ് റഹ്മാൻ വടക്കും പറമ്പിൽ

3. അപേക്ഷകളോടൊപ്പം സ്ഥലത്തിന്റെ രേഖകൾ സൂക്ഷിക്കുകയോ കൃഷി ചെയ്ത വിസ്തീർണ്ണം കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യാതെ ആനുകൂല്യം നൽകി. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1.ശ്രീമതി ആയിഷ കെ , തിലായിൽ ഹൗസ്

2.ശ്രീമതി. സുഹ്റാബി എ കെ

3.ശ്രീ കോയ എരണിത്തറ

4.ശ്രീമതി. സൈനബ മുഹമ്മദ് ഷാഫി

4. പ്രോജക്ടിൽ വിഭാവനം ചെയ്തതിലും കൂടുതൽ തുക സബ്സിഡിയിനത്തിൽ അനുവദിച്ചു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | ലഭ്യമാക്കിയ രേഖകൾ പ്രകാരം കൃഷി ചെയ്ത വിസ്തീർണ്ണം (ഹെക്ടർ) | അനുവദനീയമായ തുക | അനുവദിച്ച തുക | | | | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| | | | | വികസന ഫണ്ട് | ബ്ലോക്ക് ഫണ്ട് | തനത് ഫണ്ട് | ആകെ | |
| 1 | കണ്ണമ്പള്ളി ബാബു | 1.21 | 10285 | 7372 | 2861 | 500 | 10733 | 448 |
| 2 | ദേവദാസൻ പാലാർ വീട്ടിൽ | 0.911 | 7743 | 5551 | 2099 | 375 | 8025 | 282 |
| 3 | സെയ്താലിക്കുട്ടി | 2 | 17000 | 12361 | 4770 | 835 | 17966 | 966 |
| 4 | ശങ്കരൻ കിളിയങ്ങാട്ടിൽ | 0.809 | 6877 | 12490 | 4770 | 846 | 18106 | 11229 |
| 5 | അനിൽ മോറിൽ | 0.405 | 3442 | 2429 | 954 | 166 | 3549 | 107 |

പ്രോജക്ടിൽ വിഭാവനം ചെയ്തതിലും കൂടുതൽ തുക സബ്സിഡിയായി അനുവദിക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നും 2018-19 വർഷത്തിൽ നെൽകൃഷി കൂലിച്ചെലവിനത്തിൽ ആനുകൂല്യം നൽകിയ ആകെ ഹെക്ടർ, ഒരോ ഹെക്ടറിനും നൽകിയ സബ്സിഡി തുകയുടെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മാർച്ച് മാസത്തിലെ തിരക്കുകൾ കാരണമാണ് അപേക്ഷകളിൽ പരിശോധനാ വിവരം രേഖപ്പെടുത്താത്തതെന്നും നൂറു ശതമാനം ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയിട്ടാണ് ആനുകൂല്യങ്ങൾ നൽകിയതെന്നും മറുപടി നൽകി. സുസ്ഥിര നെൽകൃഷി വികസന പദ്ധതി, ഉല്പാദന ബോണസ് തുടങ്ങിയ പ്രോജക്ടുകളിലെല്ലാം ഒരേ അപേക്ഷകർ തന്നെ ആയതിനാൽ നികുതിശീട്ടിന്റെ പകർപ്പ്/സമ്മത പത്രം മറ്റു പദ്ധതികളുടെ അപേക്ഷയോടൊപ്പം വെച്ചിട്ടുണ്ടെന്നും അറിയിട്ടിട്ടുണ്ട്. സബ്സിഡിയിനത്തിൽ അധിക തുക നൽകിയിട്ടില്ലെന്നും കൃഷി ചെയ്ത ഭൂമി പരിശോധിച്ചതിനു ശേഷം മാത്രമാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. കൃഷി ചെയ്ത ഭൂമിയുടെ അളവ് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയത് ഫയലിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

കാർഷിക മേഖലയിലെ പദ്ധതികൾ കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് വർക്കിംഗ് ഗ്രൂപ്പ് ശ്രദ്ധ ചെലുത്തേണ്ടതും അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 പി എച്ച് സി യിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ- നടപടി ക്രമങ്ങളിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രോജക്ട് : പി എച്ച് സി യിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ (70/19)

ബിൽ നമ്പർ: 07/18-19/23.03.2019 (62372/-)

മേൽ പ്രോജക്ട് പ്രകാരം ആവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ പർച്ചേസ് ചെയ്യുന്നതിനായാണ് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിനത്തിൽ 75000/- രൂപ അടങ്കലാക്കി പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) പ്രോജക്ടിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

(2) മൂന്ന് ക്വട്ടേഷനുകൾ ഫയലിലുണ്ടെങ്കിലും ആയതിന്റെ താരതമ്യ പത്രിക ഫയലിൽ ഇല്ല. ACER കമ്പ്യൂട്ടർ, CANON Printer, Computer table, UPS എന്നിവയാണ് പർച്ചേസ് ചെയ്തിട്ടുള്ളത്. പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ മലബാർ എക്യുപ്മെന്റ്സ് & ജനറൽ ട്രേഡേഴ്സ്, Halcyon Transmission Technologies, NISDON INFOWAY എന്നീ കമ്പനികളുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും NISDON INFOWAY യുടെ നിരക്കുകൾ മാത്രം രേഖപ്പെടുത്തി, സമർപ്പിച്ച 3 ടെണ്ടറുകളിൽ കുറവ് രേഖപ്പെടുത്തിയത് NISDON INFOWAY എന്ന സ്ഥാപനമായതിനാൽ അവരുടെ ടെണ്ടർ അംഗീകരിക്കുന്നു എന്നും മറ്റു സ്ഥാപനങ്ങളുടെ നിരക്കുകൾ നിരസിക്കുന്നു എന്നും തീരുമാനമെടുത്തതായി കാണുന്നു.

അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

## 1-18 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

I.പ്രോജക്ട് : പാലിയേറ്റീവ് പരിചരണം (60/19)

ബിൽ നമ്പർ: 04/18-19/18.01.2019 (2,00,000/-)

പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി 200000/- രൂപ മുൻകൂറായി KMSCL ന് നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെയായി രണ്ടു ഇൻവോയ്സുകൾ പ്രകാരം 29500/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 224/09.04.2019 | 27951 |
| 2 | 241/09.04.2019 | 1549 |

1,70,500/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

II.പ്രോജക്ട് : പി എച്ച് സിയിലേക്ക് മരുന്നു വാങ്ങൽ (188/19)

ബിൽ നമ്പർ: 03/18-19/18.01.2019 (1,00,000/-)

മെഡിസിൻ വാങ്ങുന്നതിനായി 100000/- രൂപ മുൻകൂറായി KMSCL ന് നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെയായി 25812/- രൂപയുടെ മരുന്നുകൾ (ഇൻവോയ്സ് നമ്പർ: 246/09.04.2019) മാത്രമാണ് ലഭ്യമാക്കിയത്. 74188/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

മരുന്നുകൾ ലഭ്യമാവുന്നതു വരെ തുക 244688/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-19 രേഖകൾ പൂർണ്ണമല്ല

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രോജക്ട് : പാലിയേറ്റീവ് കെയർ (188 /19)

ചെക്ക് നമ്പർ : 1541706/08.06.2018 (99652/-)

2017-18 ലെ പാലിയേറ്റീവ് പ്രോജക്ടിനായി ലഭ്യമായ ബ്ലോക്ക് ഷെയർ സ്പിൽ ഓവർ പ്രോജക്ടായി 2018-19 ൽ ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രോജക്ടിന്റെ വൗച്ചറുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 85552/- രൂപയുടെ ഉപകരണങ്ങൾ വാങ്ങിയ ബിൽ മാത്രമാണ് ലഭ്യമാക്കിയത്. ആയത് സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല. ഉപകരണങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, 14100/- രൂപയുടെ ചെലവു രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 99652/- രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-20 അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

(1) 2018-19 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകൾ വഴി ചെലവഴിച്ച തുകകളുടെ അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ/ ബിൽ നമ്പർ/ തിയ്യതി | പ്രോജക്ട് | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ബിൽ നമ്പർ 02/18-19/ 04.05. 2018 | (02/19)<br>ഐ കെ എം വിഹിതം അടവാക്കൽ | 75653 | കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല |
| 2 | ചെക്ക് നമ്പർ 6006715/ 15.02.2019 | (പ്രോജക്ട് നമ്പർ 34/18-19) താലൂക്ക് ഡയാലിസിസ് യൂണിറ്റിന് ധനസഹായം | 200000 | കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല |
| 3 | ബിൽ നമ്പർ 16/18-19/ 15.11.2018 | (പ്രോജക്ട് നമ്പർ 36/18-19) വാർഡ് 1ൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | 100000 | പൂർത്തീകരണ / വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| 4 | ബിൽ നമ്പർ 16/18-19/ 15.11.2018 | (പ്രോജക്ട് നമ്പർ 38/18-19) കാവുങ്ങൽ മുഹമ്മദ് ഹാജി റോഡിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | 44383 | പൂർത്തീകരണ / വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| 5 | ബിൽ നമ്പർ 19/18-19/ | (പ്രോജക്ട് നമ്പർ 40/18-19) കുണ്ടൂർ ടൗൺ റോഡിൽ ത്രീ ഫെയ്സ് ലൈൻ വലിച്ച് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 249986 | പൂർത്തീകരണ / വിനിയോഗ |

| | | | | |
|---|---|---|---|---|
| | 15.11.2018 | | | സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| 6 | ബിൽ നമ്പർ 12/18-19/ 27.09.2018 | (പ്രോജക്ട് നമ്പർ 41/18-19) വാർഡ് 8ൽ ത്രീ ഫെയ്സ് ലൈൻ വലിച്ച് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 274783 | പൂർത്തീകരണ / വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| 7 | ബിൽ നമ്പർ 15/18-19/ 24.10.2018 | (പ്രോജക്ട് നമ്പർ 42/18-19) വാർഡ് 10ൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 192871 | പൂർത്തീകരണ / വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| 8 | ബിൽ നമ്പർ 33/18-19/ 13.03.2019 | (പ്രോജക്ട് നമ്പർ 44/18-19) വാർഡ് 12ൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 198594 | പൂർത്തീകരണ / വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| 9 | ബിൽ നമ്പർ 24/18-19/ 18.12.18 | (പ്രോജക്ട് നമ്പർ 45/18-19) വാർഡ് 15ൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 74812 | പൂർത്തീകരണ / വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| 10 | ബിൽ നമ്പർ 17/18-19/ 15.11.2018 | (പ്രോജക്ട് നമ്പർ 46/18-19) വാർഡ് 18ൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 192871 | പൂർത്തീകരണ / വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| 11 | ബിൽ നമ്പർ 18/18-19/ 15.11.2018 | (പ്രോജക്ട് നമ്പർ 47/18-19) വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 471000 | പൂർത്തീകരണ / വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| | ബിൽ നമ്പർ 22/18-19/ 18.12.2018 | | 178180 | |
| | ബിൽ നമ്പർ 34/18-19/22.02.2019 | | 50000 | |
| | ബിൽ നമ്പർ 40/18-19/ 15.03.2019 | | 49666 | |
| | ബിൽ നമ്പർ 41/18-19/21.03.2019 | | 104578 | |
| | ബിൽ നമ്പർ | | 49914 | |

| | | | | |
|---|---|---|---|---|
| | 43/18-19/ 26.03.2019 | | | |
| | ബിൽ നമ്പർ 45/18-19/ 26.03.2019 | | 49914 | |
| | ബിൽ നമ്പർ 46/18-19/ 26.03.2019 | | 99946 | |
| 12 | ചെക്ക് നമ്പർ 2673854/ 24.09.2018 | (പ്രോജക്റ്റ് നമ്പർ 142/18-19) ചക്കപ്പൻ താഴം മുതൽ കുനൻ മങ്ങ് കാരാംകുണ്ട് വരെ കാർഷികാവശ്യത്തിന് വൈദ്യുതി ലൈൻ | 614829 | പൂർത്തീകരണ / വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| 13 | ചെക്ക് നമ്പർ 2673872/ 19.12.2018 | (പ്രോജക്റ്റ് നമ്പർ 189/18-19) പി എം എ വൈ വിഹിതം | 70000 | കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല |
| 14 | ബിൽ നമ്പർ 26/18-19/ 07.01.2019 | (പ്രോജക്റ്റ് നമ്പർ 191/18-19) ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിക്കുന്ന പ്ലാസ്റ്റിക് നിർമ്മാർജ്ജന യൂണിറ്റിന് വിഹിതം നൽകൽ | 795000 | പൂർത്തീകരണ / വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| 15 | ബിൽ നമ്പർ 29/18-19/ 15.02.2019 | (പ്രോജക്റ്റ് നമ്പർ 201/18-19) ദുബായ് പീടിക കുണ്ടൂർ പാടം റോഡിലും പന്തീരായിക്കൽ അംഗൻവാടി റോഡിലും റോഡ് നിർമ്മാണത്തിന് തടസ്സം നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 72018 | പൂർത്തീകരണ / വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| | | | 4208998 | |

മേൽ പ്രവർത്തികളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാവുന്നതു വരെ ചെലവ് തുക 4208998/- രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-21 എസ് എസ് എ - വിനിയോഗ സാക്ഷ്യപത്രം

ബിൽ നമ്പർ 01/18-19/ 04.05. 2018 : 2835360

01/19 എസ് എസ് എ വിഹിതം അടവാക്കൽ

മേൽ പ്രോജക്റ്റ് പ്രകാരം 2835360/- രൂപ ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ എസ് എസ് എ ക്ക് നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത് പരിശോധിച്ചതിൽ അധ്യാപക ട്രൈനിംഗ്, പുസ്തക വിതരണം, ടോയ്‌ലറ്റ് നിർമ്മാണം എന്നിങ്ങനെയുള്ള വിവിധ ഇനങ്ങളിലായി തുക ചെലവഴിച്ചതായി കാണിച്ചിട്ടുണ്ട്. നൽകിയ തുക ഏതെല്ലാം സ്കൂളുകളിലാണ് വിനിയോഗിച്ചതെന്നത്

വ്യക്തമാക്കിയിട്ടില്ല. തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

# 1-22 മരുന്നുകൾ ലഭ്യമായില്ല

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്റ്റ് : 65/18-19 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ

ബിൽ നമ്പർ : 27/18-19/ 10.01.2019 : 75000/-

മേൽ പ്രോജക്റ്റ് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങുന്നതിനായി 75000/- രൂപ കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് ലിമിറ്റഡിന് (ഹോംകോ) നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായി മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നത് വരെ തുക തടസ്സത്തിൽ വെക്കുന്നു.

# 1-23 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് - മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കുന്നില്ല.

2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച ഭൂരിപക്ഷം മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും അതിൽ കുറവ് അടങ്കലുള്ളവ മാന്വൽ ടെണ്ടറും ആയാണ് ടെണ്ടർ ചെയ്തത്. എന്നാൽ മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ എല്ലാ പ്രവൃത്തികളിലും രണ്ടോ അല്ലെങ്കിൽ മൂന്നോ കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. രണ്ട് പേർ പങ്കെടുക്കുന്ന ടെണ്ടറിൽ എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും മറ്റെയാൾ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്യുന്നു. മൂന്ന് പേർ പങ്കെടുക്കുന്ന ടെണ്ടറിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കും മറ്റ് രണ്ട് പേർ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്യുന്നു. ടെണ്ടർ ചെയ്ത എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് കരാർ വെച്ച് നടപ്പാക്കിയിട്ടുള്ളത്.

<u>2018-19 വർഷം ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.</u>

| ടെണ്ടർ തീയ്യതി | ആകെ ടെണ്ടർ ചെയ്ത പ്രവൃത്തികൾ | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | 0 | 1 | 2 | 3 |
| 23-7-2018 | 39 | ഇല്ല | ഇല്ല | ഇല്ല | 39 |
| 23-10-2018 | 15 | ഇല്ല | ഇല്ല | 15 | ഇല്ല |
| 30-1-2019 | 3 | ഇല്ല | 1 | 2 | ഇല്ല |
| 23-2-2019 | 1 | ഇല്ല | ഇല്ല | 1 | ഇല്ല |

ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ക്വോട്ട് ചെയ്ത നിരക്കുകളും ലഭിച്ച ടെണ്ടറുകളുടെ എണ്ണവും പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുകയും ഗ്രാമ പഞ്ചായത്തിന് നഷ്ടം വരുത്തുന്ന പ്രവണത തടയേണ്ടതുമാണ്.

ആവശ്യത്തിന് മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതിന് വികസന / ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റികളുടെ സമയോചിത ഇടപെടൽ ഉണ്ടാവേണ്ടതാണ്. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

# 1-24 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികൾക്ക് 2018-19 വർഷത്തിൽ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല. പാർട്ട് ബിൽ നൽകിയതിന് ശേഷം പ്രവൃത്തികളൊന്നും നടന്നതായി അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്റ്റിന്റെ പേരും വിശദാംശങ്ങളും | പാർട്ട് ബിൽ നൽകിയതിന്റെ വിവരം | പാർട്ട് ബിൽ നൽകിയ തുക<br>ബിൽ നമ്പർ/ തിയതി | അവസാനമായി അളവെടുത്ത തിയതി |
|---|---|---|---|---|
| 1 | തേറമ്പിൽ തിത്തിക്കുട്ടി റോഡ് റീടാറിംഗ്<br>പ്രൊജക്റ്റ് നമ്പർ- 73/19<br>TS- 400000<br>കരാറുകാരൻ- ശ്രീ. എ.എം.കെ. അബ്ദുറഹ്മാൻ കുട്ടി | പ്രവൃത്തിയുടെ ആകെ മൂല്യം- 224521<br>(-) IT- 2245<br>WF-2245<br>GST- 4490<br>RETENTION- 22452 | 224521 രൂപ<br>26/2018-19,<br>22-3-2019 | 20-2-2019 |
| 2 | വട്ടച്ചിറ, മലക്കാട്, വെള്ളക്കാട്താഴം വിസിബി റിപ്പയർ<br>പ്രൊജക്റ്റ് നമ്പർ- 187/19<br>TS- 330000<br>കരാറുകാരൻ- ശ്രീ. പി.അബ്ദുസലീം | പ്രവൃത്തിയുടെ ആകെ മൂല്യം- 242201<br>(-) IT- 2422<br>WF-2422<br>GST- 4844<br>RETENTION- 24220 | 242201 രൂപ<br>ചെക്ക് നമ്പർ-<br>21800828- 39779<br>21800830- 24220<br>21800832- 200000<br>തിയതി- 22-3-2019 | 28-2-2019 |

മേൽ പ്രവൃത്തികൾ പൂർത്തീകരിക്കാതിരിക്കുന്നതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടില്ലെന്നും ചില സാങ്കേതിക കാരണങ്ങളാൽ മേൽ പ്രവൃത്തികൾ തുടരാൻ സാധിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-25 ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ അളവിൽ ബിറ്റുമിൻ വാങ്ങിയതായി രേഖയില്ല

താഴെ കൊടുത്തിട്ടുള്ള ടാറിംഗ് /റീടാറിംഗ് പ്രവൃത്തികൾക്ക് മതിയായ അളവിൽ ബിറ്റുമിൻ വാങ്ങിയിട്ടില്ലെന്ന് ബിറ്റുമിൻ വാങ്ങിയ ബില്ലുകളും അളവ് പുസ്തകത്തിൽ അസി. എഞ്ചിനീയർ ബിറ്റുമിന്റെ (VG-30) ആവശ്യകത സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേരും വിശദാംശങ്ങളും | കരാറുകാരന്റെ പേര് | അളവ് പുസ്തകത്തിൽ VG- 30 ഇനം ബിറ്റുമിന്റെ ആവശ്യകത സാക്ഷ്യപ്പെടുത്തിയ അളവ് (കി.ഗ്രാം) |
|---|---|---|---|
| 1 | സിപി അലവി ഹാജി സ്മാരക റോഡ് മെയിൻറനൻസ്<br>പ്രൊജക്ട് നമ്പർ- 192/19<br>TS- 350000<br>അളവ് പുസ്തകം-79/17-18 | ശ്രീ. എ.എം.കെ. അബ്ദുറഹ്മാൻ കുട്ടി | 3121.35 |
| 2 | മംഗലക്കാട് പന്തപ്പിലാക്കൽ റോഡ് റീടാറിംഗ്,<br>പ്രൊജക്ട് നമ്പർ- 85/19<br>TS- 240000<br>അളവ് പുസ്തകം-70/17-18 | ,, | 2096.27 |
| 3 | ചക്കംകുളംയു.പി. സ്കൂൾ റോഡ് റീടാറിംഗ്,<br>പ്രൊജക്ട് നമ്പർ- 72/19<br>TS- 365000<br>അളവ് പുസ്തകം-69/17-18 | ,, | 3188.75 |
| 4 | തേറമ്പിൽ തിത്തിക്കുട്ടി റോഡ് റീടാറിംഗ്, | ,, | 1967.05 |

| | | | |
|---|---|---|---|
| | പ്രൊജക്ട് നമ്പർ- 73/19<br>TS- 400000<br>അളവ് പുസ്തകം-82/17-18 | | |
| | | ആകെ- | 10373.42 കി.ഗ്രാം. |

മേൽ പ്രവൃത്തികൾക്കായി സിഡ്കോ- യിൽ നിന്നും മേൽ കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ അളവ് ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | ബിറ്റുമിന്റെ അളവ് (VG-30)<br>156 KG/barrel |
|---|---|---|
| | RMDKSD18-19/1340/12-2-2019 | 26 Barrel = 4056 KG |
| 2 | RMDKSD18-19/863/17-1-2019 | 33 Barrel= 5148 KG |
| | ആകെ- | 9204 KG |

10373.42 KG ബിറ്റുമിൻ ആവശ്യമുള്ളിടത്ത് 9204 kg ബിറ്റുമിൻ മാത്രമാണ് കരാറുകാരൻ വാങ്ങിയതായി ബിൽ ഹാജരാക്കിയിട്ടുള്ളത്. 1169.42 കി.ഗ്രാം. ബിറ്റുമിൻ വാങ്ങിയതായി ബിൽ ഹാജരാക്കിയിട്ടില്ല.

മതിയായ അളവിൽ ബിറ്റുമിൻ വാങ്ങിയതായി ബിൽ ഹാജരാക്കാത്തതിനാൽ ആവശ്യകത പ്രകാരമുള്ള ബിറ്റുമിൻ ഉപയോഗിച്ചിട്ടില്ല എന്ന് ഓഡിറ്റ് അനുമാനിക്കുന്നു. ഇക്കാരണത്താൽ മേൽ പ്രവൃത്തികളുടെ ഗുണ നിലവാരം കുറവായിരിക്കുമെന്നും ഓഡിറ്റ് വിലയിരുത്തുന്നു. അളവ് പുസ്തകത്തിൽ ബിറ്റുമിന്റെ ആവശ്യകത സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള അളവിൽ ബിറ്റുമിൻ വാങ്ങിയതായി ബിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം 1169.42 കി.ഗ്രാം ബിറ്റുമിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള വില (32579.8 /metric tonne) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽ പ്രവൃത്തികളിൽ ഗുണനിലവാരം കുറഞ്ഞ് പോയിട്ടുണ്ടോ എന്നത് അന്വേഷണവിധേയമാക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നമ്പർ- 13/5-9-2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 1-26 ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളിൽ ചെലവ് രേഖകൾ പൂർണ്ണമല്ല

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ചെലവ് സംബന്ധമായ രേഖകൾ പൂർണ്ണമായി കൺവീനർമാർ ഹാജരാക്കിയിട്ടില്ല. കൺവീനർമാർ ലഭ്യമാക്കിയ ചെലവ് രേഖകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്താതെയും ഹാജരാക്കിയ വൗച്ചറുകളും ബില്ലുകളും പ്രകാരമുള്ള ചെലവ് തുകയിൽ പരിമിതപ്പെടുത്താതെയുമാണ് പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്ത് കൺവീനർമാർക്ക് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്. അസി. എഞ്ചിനീയർ മൂല്യനിർണ്ണയം ചെയ്ത തുകയോ കൺവീനർമാർ ഹാജരാക്കുന്ന ചെലവ് രേഖകൾ പ്രകാരമുള്ള യഥാർത്ഥ ചെലവോ ഏതാണോ കുറവ് ആ തുകയാണ് കൺവീനർമാർക്ക് അർഹതയുള്ളത്. എന്നാൽ ചെലവ് സംബന്ധമായ രേഖകൾ പരിഗണിക്കാതെയാണ് മൂല്യ നിർണ്ണയ പ്രകാരമുള്ള തുക കൺവീനർമാർക്ക് അനുവദിച്ചിട്ടുള്ളത്.

| പ്രൊജക്ടിന്റെ പേരും നമ്പറും | കൺവീനറുടെ പേര് | പ്രവൃത്തി മൂല്യനിർണ്ണയം ചെയ്ത തുക | ചെലവ് ബില്ലുകളും വൗച്ചറുകളും | രേഖകൾ ഹാജരാക്കാത്ത ചെലവ് |
|---|---|---|---|---|

| | | (5% ഓവർഹെഡ് ചാർജ് കുറവ് ചെയ്ത്) | പ്രകാരമുള്ള തുക | |
|---|---|---|---|---|
| ചെറുമുക്ക് ജി.എം.എൽ.പി. സ്കൂൾ പുനരുദ്ധാരണം<br>പ്രൊജക്ട് നമ്പർ-165/19<br>അടങ്കൽ- 1495000<br>എഗ്രിമെന്റ്- 65/2017-18/AE/LSGD/NBRA/16-2-2018<br>എം. ബുക്ക്-157/16-17<br>ബിൽ നമ്പർ-13/10-8-2018 | ശ്രീമതി. നിഷ. പി.കെ.<br>ഹെഡ്മിസ്ട്രസ്,<br>ജി.എം.എൽ.പി.എസ്.<br>ചെറുമുക്ക് | 1420250 | 958170 | 462080 |
| നന്നമ്പ്ര ജി.എൽ.പി. സ്കൂൾ പുനരുദ്ധാരണം<br>പ്രൊജക്ട് നമ്പർ-166/19<br>അടങ്കൽ- 400000<br>എഗ്രിമെന്റ്- 66/2017-18/AE/LSGD/NBRA/28-2-2018<br>എം. ബുക്ക്-66/17-18<br>ബിൽ നമ്പർ-15/11-10-2018 | ശ്രീമതി. അനിതകുമാരി,<br>ഹെഡ്മിസ്ട്രസ്,<br>ജി.എൽ.പി.എസ്,<br>നന്നമ്പ്ര | 380000 | 353849 | 26151 |

ചെലവ് രേഖകൾ പൂർണ്ണമായി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഗുണഭോക്തൃ സമിതി കൺവീനർമാർ ചെലവ് രേഖകൾ പൂർണ്ണമായി സൂക്ഷിച്ചിട്ടില്ലെന്ന് അനുമാനിക്കുന്നതും രേഖകൾ ഹാജരാക്കാത്ത ചെലവ് തുക 488231 രൂപ അസി.എഞ്ചിനീയറുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

( ഓഡിറ്റ് എൻക്വയറി നമ്പർ-17/6-9-2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

# 1-27 റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി പ്ലാനും റോഡ് കണക്റ്റിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതൽ സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ

പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗ രേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. 14-7-2007 ലെ ജി.ഒ. (എം.എസ്.)128/07/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക- 5-12 പ്രകാരം ഗ്രാമ പഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന എല്ലാ റോഡുകളുടെയും ഒരു ശൃംഖല, (കണക്റ്റിവിറ്റി പ്ലാൻ) അതായത് ഹൈവേയോടും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങൾ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടെയും ഒരു കേന്ദ്ര ശൃംഖല തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ഈ കണക്റ്റിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ഘടകവും ഉൾകൊള്ളിക്കേണ്ടതാണ്. അതിന് ശേഷം ഈ മേഖലയിലെ വിദഗ്ദരുടെ ഒരു യോഗം വിളിച്ച് ചേർത്ത് മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്.

എന്നാൽ സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിട്ടും ഗ്രാമ പഞ്ചായത്ത് റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ് എന്നിരിക്കെ റോഡ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചിരുന്നുവോ, നിശ്ചയിച്ചിരുന്നുവെങ്കിൽ എന്തടിസ്ഥാനത്തിൽ തുടങ്ങിയ വിവരങ്ങൾ കണക്റ്റിവിറ്റി പ്ലാനിന്റെ അഭാവത്തിൽ പരിശോധിക്കാനായില്ല.

ദീർഘ വീക്ഷണത്തോടെ കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പ്രയോജനം ലഭിക്കു വിധം റോഡ് പ്രവൃത്തികൾക്ക് രൂപം നൽകേണ്ടതാണ്. വികസന സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഇക്കാര്യത്തിൽ ക്രിയാത്മക ഇടപെടലും നിർദ്ദേശവും ഉണ്ടാവേണ്ടതാണ്.

# 1-28 ഇ- ടെണ്ടർ വഴിയുള്ള ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല.

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം നന്നമ്പ്ര ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചാത്തിന് തിരികെ ലഭ്യമായിട്ടില്ല. 2018-19 വർഷത്തിൽ ഇ- ടെണ്ടർ ചെയ്തതിലൂടെ ലഭിക്കാനുള്ള തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്റ്റ് | പ്രൊജക്റ്റ് നമ്പർ | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീ | ആകെ |
|---|---|---|---|---|
| പി.എച്ച്.സി പുനരുദ്ധാരണം,<br>TS-10,00000 | 82/19 | 4 | 2000 | 8000 |
| തച്ചറക്കൽ കുഞ്ഞിമൊയ്തീൻ സ്മാരക | 78/19 | 2 | 1200 | 2400 |

| | | | | |
|---|---|---|---|---|
| റോഡ് പുനരുദ്ധാരണം<br><br>TS- 6 ,00000 | | | | |
| എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണം<br><br>TS- 8,89636 | 83/19 | 2 | 1800 | 3600 |
| നന്നമ്പ്ര ജി. എൽ.പി. സ്കൂളിൽ കംപ്യൂട്ടർ റൂം നിർമ്മാണം<br><br>TS- 4,73,038 | 90/19 | 2 | 1000 | 2000 |
| ചിറയിൽ മൂസഹാജി സ്മാരക റോഡ് പുനരുദ്ധാരണം<br><br>TS- 7,20000 | 99/19 | 2 | 1500 | 3000 |
| പാലപ്പുറത്താഴം കൈതവളപ്പ് മുക്കായി റോഡ്സൈഡ് സംരക്ഷണം.<br><br>TS- 500000 | 109/19 | 2 | 1000 | 2000 |
| തെയ്യാല പോസ്റ്റ് ഓഫീസ് ഞാറക്കാട്ടുത്താഴം റോഡ്സൈഡ് സംരക്ഷണം<br><br>TS- 10,88000 | 110/19 | 2 | 2500 | 5000 |
| ചൂലൻകുന്ന് കച്ചീരിപ്പള്ളിയാൽ റോഡ്സൈഡ് സംരക്ഷണം<br><br>TS- 600000 | 121/19 | 3 | 1200 | 3600 |
| ഇമ്പിച്ചി മുഹമ്മദാജി റോഡ് മെയിന്റനൻസ്<br><br>TS- 664000 | 193/19 | 2 | 1400 | 2800 |
| ആകെ | | | | **32400** |

മേൽ തുകയും 2015-16 വർഷം മുതൽ 2017-18 വരെ ഇ- ടെണ്ടർ നടപടികളിലൂടെ ലഭിക്കാനുള്ള ടെണ്ടർ ഫീയും ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-29 വാർഷിക പദ്ധതി രൂപീകരണത്തിൽ നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ വീഴ്ച സംഭവിച്ചു.

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികളുടേയും

സ്റ്റാറ്റ്യൂട്ടറി കമ്മറ്റികളുടേയും പ്രവർത്തനത്തിലെ പോരായ്മകൾ താഴെ ചേർക്കുന്നു.

**ആസൂത്രണ സമിതിയുടെ പ്രവർത്തനം**

തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനുള്ള ആസൂത്രണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അദ്ധ്യക്ഷനും സെക്രട്ടറി കൺവീനറുമായുള്ള സമിതി 17.02.2018നാണ് വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് യോഗം ചേർന്നത്. യോഗ മിനുട്സിൽ നിന്നും സൂപ്പർവൈസ് ചെയ്യേണ്ട സമിതികളുടെ പ്രവർത്തനം വിലയിരുത്തിയതായോ, അധികവിഭവ സമാഹരണത്തിനുള്ള സാധ്യതകൾ നിർദ്ദേശിച്ചതായോ പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് ചെയ്തതായോ കാണുന്നില്ല.

**സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം**

വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട യോഗങ്ങൾ യഥാസമയം വിളിച്ച് ചേർക്കൽ, മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ, പദ്ധതി യഥാസമയം പരിശോധനക്കായി സമർപ്പിക്കൽ തുടങ്ങി എല്ലാവിധ മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്താനുള്ള ചുമതല സ്റ്റാൻഡിംഗ് കമ്മറ്റികൾക്കാണ്. മേൽനോട്ട ചുമതലയുള്ള മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ പ്രോജക്ട് അടിസ്ഥാന വിവരങ്ങൾക്ക് അനുസൃതമാണെന്നും ഗ്രൂപ്പുകൾ യഥാസമയം യോഗം ചേർന്ന് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തണം. എന്നാൽ ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗ മിനുട്സ് പരിശോധിച്ചതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ അടിസ്ഥാന ഡാറ്റയുടെ അടിസ്ഥാനത്തിൽ പൂർണ്ണവും കുറ്റമറ്റതുമാണെന്ന് ഉറപ്പ് വരുത്താൻ പരിശോധന ഇടപെടൽ നടത്തിയത് വ്യക്തമല്ല.

**വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിൽ കൃത്യമായ മേൽനോട്ടമുണ്ടാവണം**

വർക്കിംഗ് ഗ്രൂപ്പുകൾക്ക് ബന്ധപ്പെട്ട വിഷയ മേഖലയിലെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് തയ്യാറാക്കിയ അവസ്ഥാ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് ഗ്രാമസഭാ അംഗീകാരത്തിന് പ്രോജക്ടുകൾ നിദ്ദേശിക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച ശേഷം സ്ഥാപനത്തിൽ നിലവിലുള്ള അവസ്ഥാരേഖ കാലോചിതമായി പരിഷ്കരിക്കാൻ നിർദ്ദേശമുള്ളതാണ്. പതിമൂന്നാം പദ്ധതിയുടെ ആദ്യവർഷത്തിൽ തയ്യാറാക്കിയ അവസ്ഥാരേഖ അപ്ഡേറ്റ് ചെയ്യാതെയാണ് വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ നിദ്ദേശിച്ചത്. അപ്ഡേറ്റ് ചെയ്ത അവസ്ഥാരേഖയുടെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ യോഗങ്ങളിൽ അവതരിപ്പിക്കാനും അവിടെ നടക്കുന്ന ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കാനും തുടർന്ന് ഭരണ സമിതിയുടേയും വികസന സെമിനാറിന്റേയും പരിഗണനക്ക് സമർപ്പിക്കാനും വർക്കിംഗ് ഗ്രൂപ്പുകൾക്കാവണം. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മറ്റികളായി രൂപാന്തരപ്പെടുത്തി പ്രവർത്തിക്കാനുള്ള നിർദ്ദേശവും നടപ്പിലാക്കേണ്ടതാണ്

**ഗ്രാമസഭാ യോഗങ്ങൾ സംഘടിപ്പിക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കണം**

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭാ യോഗ മിനുട്സുകൾ പരിശോധിച്ചതിൽ യോഗങ്ങളുടെ ഫോട്ടോ സൂക്ഷിക്കുന്നില്ലായെന്ന് കണ്ടു. ഗ്രാമസഭാ യോഗ മിനുട്സുകളിൽ രേഖപ്പെടുത്തിയ നിർദ്ദേശങ്ങൾ പരിശോധിച്ചതിൽ ഫോറം 1 ൽ വർക്കിംഗ് ഗ്രൂപ്പുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കാനായി തയ്യാറാക്കിയ

നിർദ്ദേശങ്ങൾക്ക് പുറമെ അധികമായി നിർദ്ദേശങ്ങൾ രേഖപ്പെടുത്തിട്ടുണ്ടെങ്കിലും നിർദ്ദേശങ്ങളുടെ മുൻഗണന വ്യക്തമാക്കിയിട്ടില്ല. വിവിധ മേഖലകളുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ യോഗങ്ങളിൽ ഗൗരവതരമായ പരിശോധനക്ക് വിധേയമാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. യോഗങ്ങളുടെ നടപടിക്രമം കൃത്യമായി മിനുട്സിൽ രേഖപ്പെടുത്തേണ്ടതാണ്.

**വികസന സെമിനാർ സംഘാടനം ഫലപ്രദമാവണം**

2018-19 ലെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണ സമിതി മുൻഗണനകളും വിഭവലഭ്യത പരിഗണിച്ചും തയ്യാറാക്കിയ കരട് പദ്ധതി രേഖ പരിശോധിക്കാനായുള്ള ഏകദിന വികസന സെമിനാർ 15.03.18 നാണ് ചേർന്നത്. സെമിനാറിൽ പങ്കെടുക്കേണ്ടത് ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ഗ്രാമസഭാ പ്രതിനിധികൾ, കുടുംബശ്രീ പ്രതിനിധികൾ, പ്രമോട്ടർമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, സ്റ്റേക്ക് ഹോൾഡർമാർ, പ്രൊഫഷണലുകൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളാണെങ്കിലും മിനിട്സിൽ പങ്കെടുത്തവരുടെ കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല. 125 പേർ പങ്കെടുത്ത സെമിനാറിൽ ഗ്രാമ സഭകളിൽ നിന്നും തെരഞ്ഞെടുത്ത പ്രതിനിധികൾ പങ്കെടുത്തിരുന്നോയെന്ന് പോലും വ്യക്തമല്ല. യോഗ നടപടിക്രമങ്ങൾ ഗ്രാമസഭാ യോഗത്തിന്റെ മാതൃകയിൽ അനുയോജ്യമായ മാറ്റം വരുത്താനാണ് നിർദ്ദേശമുള്ളത്. പഞ്ചായത്തിന്റെ വികസനകാഴ്ചപ്പാട്, മിഷൻ പ്രവർത്തനങ്ങളും വാർഷിക പരിപാടിയും, മുൻവർഷ വാർഷിക പദ്ധതി റിപ്പോർട്ട്, വാർഷിക പദ്ധതി കരട് പ്രോജക്ട് നിർദ്ദേശങ്ങൾ, പരിഷ്കരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവയുടെ അവതരണം സംബന്ധിച്ച യോഗ നടപടിക്രമം വികസന സെമിനാറിന്റെ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

വിവിധ മേഖലയുമായി ബന്ധപ്പെട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾക്കും മേഖലയിലെ പ്രശ്നങ്ങൾ കൃത്യമായി പരിശോധിക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കാനും സാധിക്കുന്ന രീതിയിൽ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ മേൽനോട്ടമുണ്ടാവണം. തദ്ദേശ സ്ഥാപനത്തിന്റെ ദീർഘകാല വികസനത്തിന് ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുന്നതിന് ചുമതലപ്പെട്ട ആസൂത്രണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടിയുണ്ടാവണം. കാലോചിതമായി പരിഷ്കരിച്ച അവസ്ഥാ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി വാർഷിക പദ്ധതി തയ്യാറാക്കാനും നിർവ്വഹണ ഘട്ടത്തിൽ ഗുണഭോക്താക്കളുടെ അർഹത, മുൻഗണന പരിശോധനയിലും പ്രോജക്ടുകൾ മോണിറ്റർ ചെയ്യുന്നതിലും വർക്കിംഗ് ഗ്രൂപ്പുകൾക്കുള്ള ചുമതല നിർവ്വഹണം കൃത്യമായി നടപ്പിലാക്കാൻ തദ്ദേശഭരണ സ്ഥാപനത്തിനാവണം.

# 1-30 മുട്ടക്കോഴി വിതരണം (വനിത) – പ്രോജക്ട് മേഖലയിലെ അടിസ്ഥാന വിവരത്തിന് അനുസൃതമല്ല.

മൃഗസംരക്ഷണം ക്ഷീരവികസന മേഖലയിൽ മുൻ വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും ലഭ്യമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് മേഖല നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ നിർദ്ദേശങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. മേഖലയിൽ പതിമൂന്നാം പദ്ധതിയുടെ ഭാഗമായി അഞ്ചു വർഷംകൊണ്ട് കൈവരിക്കാവുന്ന നേട്ടങ്ങളായി സ്റ്റാറ്റസ് റിപ്പോർട്ടിൽ അംഗീകരിച്ചത് ഗ്രാമപഞ്ചായത്തിലെ തൊഴിൽ രഹിതരായവർക്ക് രണ്ട് പെൺ ആടിനെ വീതം നൽകി ആട് വളർത്തൽ ആരംഭിക്കൽ, എ ബി സി പദ്ധതി, തൊഴിൽ രഹിതരായ പാൽ ഉൽപ്പാദിപ്പിക്കാൻ താത്പര്യമുള്ളവർക്ക് സബ്സിഡി നിരക്കിൽ പശുവിനെ നൽകി പാൽ ഉൾപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കൽ എന്നിവയാണ്.

മേഖലയിൽ 2018-19 വർഷിക പദ്ധതിയിലേക്കുള്ള പ്രോജക്ടുകൾ വർക്കിംഗ് ഗ്രൂപ്പിന്റെ 20.02.2018 ലെ യോഗത്തിലാണ് നിർദ്ദേശിച്ചത്. വർക്കിംഗ് ഗ്രൂപ്പിന്റെ തുടർന്നുള്ള 10.03.2018 ലെ യോഗത്തിൽ മുട്ടക്കോഴി

വിതരണം (വനിത) എന്ന് പ്രോജക്ട് ഒഴിവാക്കി ആട്ടുവളർത്തൽ (വനിത) പദ്ധതി ഉൾപ്പെടുത്താൻ നിർദ്ദേശിച്ചതാണ്. എന്നാൽ അംഗീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മുട്ടക്കോഴി വിതരണം (വനിത) എന്ന പ്രോജക്ട് ഒഴിവാക്കാനുള്ള വർക്കിംഗ് ഗ്രൂപ്പ് തീരുമാനത്തിന് വിരുദ്ധമായി ഇതേ പ്രോജക്ട് ഉൾപ്പെടുത്തി വികസന ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവ ചേർത്ത് 8.62 ലക്ഷം രൂപ (പ്രോജക്ട് നമ്പർ 22/2019) വിനിയോഗിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 1000കുടുംബങ്ങൾക്ക് 40 മുതൽ 60 ദിവസം വരെ പ്രായമുള്ള 10 മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യാനുള്ള പ്രോജക്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ 8620 മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. (ബിൽ നമ്പർ നമ്പർ പി 1 /18-19/07.01.19, പി 2/18-19/23.01.19, ചെക്ക് നമ്പർ 2673874/07.01.19, ചെക്ക് നമ്പർ 2673879/23.01.19 എന്നി പ്രകാരമാണ് 8.62 ലക്ഷം രൂപ ചെലവഴിച്ചത് ).

പദ്ധതി തയ്യാറാക്കലും സബ്സിഡി അനുദിക്കുന്നതും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച 14.02.2018 ലെ 22/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മുട്ടക്കോഴി, കാട, താറാവ് മുതലായ വളർത്തുപക്ഷികൾ കൂട് ഉൾപ്പെടുത്തി വിതരണം ചെയ്യാനാണ് ധനസഹായം അനുവദിക്കാവുന്നത്. വളർത്ത് പക്ഷികൾക്ക് വിലയുടെ 50%വും ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള ഹൈഡൻസിറ്റി ഫ്രെയിംഗ് ഉപയോഗിച്ചുള്ള കൂടിന് വിലയുടെ 25% വും അനുവദനീയമാണ്. എന്നാൽ ഗുണഭോക്താക്കൾക്ക് പ്രോജക്ടിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ട രീതിയിലുള്ള കൂട് വാങ്ങുന്നതിന് ആവശ്യമായ സബ്സിഡി അനുവദിക്കാൻ ഫണ്ട് വകയിരുത്തിയിരുന്നില്ല.

1.മൃഗസംരക്ഷണ, ക്ഷീരവികസനമേഖലയിൽ അംഗീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ടിലെ കണ്ടെത്തലുകളും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും പരിഗണിക്കാതെ 15.03.2018 ലെ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി യോഗം പ്രോജക്ട് അംഗീകരിച്ച് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി അംഗീകാരത്തിന് ശുപാർശ ചെയ്ത സാഹചര്യം വിശദീകരിക്കേണ്ടതാണ്.

2.വാർഷിക പദ്ധതി രൂപീകരണ, സബ്സിഡി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വളർത്ത് പക്ഷികളോടൊപ്പം കൂട് വിതരണം ചെയ്യാനും അതിനായി വിലയുടെ 25% അനുവദിക്കാനുമുള്ള നിർദ്ദേശം നടപ്പിലാക്കിയില്ല. പ്രദേശത്ത് മുട്ടയുടേയും മാംസത്തിന്റേയും ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം നേടാൻ പ്രോജക്ട് നിർവഹണം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുത്തി സബ്സിഡി വകയിരുത്താതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. ഗുണഭോക്താക്കൾ കൂട് വാങ്ങിയത് എപ്രകാരമാണ് ഉറപ്പ് വരുത്തിയതെന്നും വിശദീകരിക്കേണ്ടതാണ്.

# 1-31 അടിസ്ഥാന വിവരങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കുന്നില്ല

വിദ്യാഭ്യാസമേഖലയിൽ 2018-19 വർഷത്തിൽ നടപ്പിലാക്കാനായി ആസൂത്രണം ചെയ്ത പദ്ധതികൾ പരിശോധിച്ചതിൽ ഇവ മേഖലയുമായി ബന്ധപ്പെട്ട് ശേഖരിക്കപ്പെട്ട അടിസ്ഥാന വിവരവുമായി പൊരുത്തമില്ലാത്തവയാണെന്ന് കാണുന്നു. അവസ്ഥാ വിശകലന റിപ്പോർട്ടിൽ നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരമായി നിർദ്ദേശിക്കുന്നത് സ്കൂൾ കെട്ടിടങ്ങളുടെ നവീകരണം, സ്കൂളുകളിൽ മാലിന്യ സംസ്കരണ സംവിധാനമേർപ്പെടുത്തൽ, ലൈബ്രറികൾ - ലാബുകൾ സ്ഥാപിക്കൽ, വിദ്യാഭ്യാസ നിലവാരമുയർത്തൽ, ദരിദ്രരായ കുട്ടികളെ പ്രോത്സാഹിപ്പിക്കൽ, എസ് എസ് എ പദ്ധതിക്കുള്ള വിഹിതം നൽകൽ, കലാ സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, തുടർസാക്ഷരതാ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തൽ എന്നിവയാണ്.

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മെച്ചപ്പെടുത്തൽ സംബന്ധമായ വിവരങ്ങളൊന്നും പ്രത്യേകം ശേഖരിക്കുകയോ റിപ്പോർട്ടിൽ രേഖപ്പെടുത്തുകയോ

ഉണ്ടായിട്ടില്ല. സർക്കാർ വിദ്യാലയങ്ങളുടെ തന്നെ കെട്ടിടമുൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച വിവരങ്ങളും ശേഖരിച്ചിട്ടില്ലായെന്ന് കാണുന്നു. സർക്കാർ വിദ്യാലയങ്ങളിൽ എൽ പി (3), യു പി (1) സ്കൂളുകളിലെ ശുചിമുറികളുടെ ആവശ്യകത, ലാബ്-ലൈബ്രറി സൗകര്യത്തിന്റെ ആവശ്യകത, കുടിവെള്ള സ്രോതസ്സുകൾ ഇല്ലാത്തത്, ഉച്ചഭക്ഷണ പാചക സംവിധാനങ്ങളിൽ ആവശ്യമായ ഭൗതിക സൗകര്യങ്ങളും ശുചിത്വ സൗകര്യവും ഉറപ്പാക്കൽ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും ഇന്റർനെറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടത് തുടങ്ങിയവയുടെ ആവശ്യകത വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ വിദ്യാലയങ്ങളിൽ ക്ലാസ്സ് മുറികൾ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 2017-18, 2018-19 വർഷങ്ങളിൽ എം പി ഫണ്ടും, ബ്ളോക്ക് വിഹിതവും വിനിയോഗിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചെങ്കിലും എത്രത്തോളം സൗകര്യം ഏർപ്പെടുത്താനായിയെന്ന കാര്യത്തിൽ വ്യക്തതയില്ല. സ്കൂളുകളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്നതിനും ഫർണിച്ചർ വിതരണം ചെയ്യുന്നതിനും 2018-19 വർഷത്തിൽ വികസന ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ഫണ്ട് വകയിരുത്തിയിട്ടും നിർവ്വഹിക്കാതെ പോയ പ്രവർത്തനങ്ങളാണ് പ്രോജക്ട് 86/19 ജി എൽ പി എസ് മേൽക്കൂര നവീകരണം (2ലക്ഷം രൂപ), 90/19 നന്നമ്പ്ര ജി എൽ പി എസ് കമ്പ്യൂട്ടർ മുറി നിർമ്മാണം (4.73 ലക്ഷം രൂപ) എന്നിവ. എന്നാൽ 2017-18 ൽ ഉൾപ്പെടുത്തിയ നന്നമ്പ്ര, ചെറുമുക്ക് സ്കൂളുകളുടെ റിപ്പയർ പ്രവൃത്തികൾ സ്പിൽ ഓവറായി പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പിലാവാതെ പോയ സർക്കാർ വിദ്യാലയങ്ങളിൽ ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കാനുള്ള പ്രോജക്ട് (2.8ലക്ഷം രൂപ) സ്പിൽ ഓവറായി ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമല്ല.

1.വിദ്യാലയങ്ങളിൽ ആവശ്യമായ കെട്ടിട സൗകര്യമുണ്ടോയെന്ന് പരിശോധന നടത്തി ക്ലാസ്സ് റൂം നവീകരണ പ്രവർത്തനം പൂർത്തികരിക്കാനായോയെന്ന് കൃത്യമായ വിലയിരുത്തൽ നടത്തേണ്ടതും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2.ഭരണ സമിതിയുടെ 25.07.2018 ലെ 1ാം നമ്പർ തീരുമാന പ്രകാരം 2018-19 ൽ സ്പിൽഓവറായും പുതിയ പ്രോജക്ടായും എയ്ഡഡ് സ്കൂളുകളിൽ ടോയ്ലറ്റ് സൗകര്യമൊരുക്കാനായി ഗ്രാമപഞ്ചായത്തിന്റെ പൊതുവിഭാഗം ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ്, ബ്ലോക്ക് ഫണ്ട് എന്നിവയിൽ നിന്നും 14.54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലറ്റും വാഷ്ബെയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമാണ് എയ്ഡഡ് സ്കൂളുകളിൽ സൗകര്യമേർപ്പെടുത്താൻ അനുവാദമുള്ളത്. 2018-19 ൽ സ്കൂളുകളിൽ ടോയ്ലറ്റ് നവീകരണമെന്ന പേരിൽ നിലവിലുള്ളതിന്റെ നവീകരണ പ്രവർത്തനത്തിന് 2.5 ലക്ഷം രൂപ വകയിരുത്തിയത് 2019- 20 ലാണ് പൂർത്തീകരിച്ചത്. നിലവിൽ നാല് സർക്കാർ സ്കൂളുകളിലും ഗേൾസ് ഫ്രണ്ട്‌ലി ടോയ്ലറ്റുകളും മൂന്ന് സ്കൂളുകളിൽ രണ്ട് വീതം അഡീഷണൽ ടോയ്ലറ്റുകളും ആവശ്യമാണെന്ന് വ്യക്തമാക്കിയതാണ്. ശുചിത്വ സംവിധാനത്തിന് ഫണ്ട് വിനിയോഗിച്ചിട്ടില്ല. മേഖലയുമായി ബന്ധപ്പെട്ട് അവസ്ഥാ വിശകലന റിപ്പോർട്ടിലും മാർഗ്ഗരേഖയിലും വ്യക്തമാക്കുന്ന യൂറിനലുകളും ടോയ്ലറ്റും വാഷ്ബെയ്സിനും അവയിൽ ജലലഭ്യതയും, ശുചിത്വ സംവിധാനങ്ങളും പൂർണ്ണമായി ഏർപ്പെടുത്തിയ ശേഷമാണോ എയ്ഡഡ് സ്ഥാപങ്ങളിൽ സൗകര്യമേർപ്പെടുത്താൻ ഫണ്ട് വിനിയോഗിച്ചതെന്ന് ആവശ്യമായ രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

3. മേഖലയിലെ അടിസ്ഥാന വിവരങ്ങൾ വ്യക്തമാക്കുന്നതനുസരിച്ച് സ്കൂളുകളിൽ മാലിന്യ സംസ്കരണ സംവിധാനമേർപ്പെടുത്തൽ, ലൈബ്രറികൾ - ലാബുകൾ സ്ഥാപിക്കൽ തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ വിശദീകരിക്കേണ്ടതാണ്.

4.ആദ്യവർഷ പദ്ധതി നിർവ്വഹണത്തിന്റെ അടിസ്ഥാനത്തിൽ മേഖലയിലെ അടിസ്ഥാന വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുതിന് ശേഷമുള്ള അവസ്ഥാ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയല്ല പ്രോജക്ടുകൾ

തയ്യാറാക്കിയത്. അവസ്ഥാ റിപ്പോർട്ട് അപ്ഡേറ്റ് ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-32 ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് വിതരണം- ഡാറ്റാ രജിസ്റ്റർ തയ്യാറാക്കണം

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

ശാരീരികവും മാനസ്സികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണമെന്ന പ്രോജക്റ്റിന്റെ (43/19) ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഭിന്നശേഷിക്കാരായ 81 വിദ്യാർത്ഥികൾക്ക് ഒരു വർഷത്തേക്ക് അർഹമായ വിദ്യാഭ്യാസ സ്കോളർഷിപ്പും ബത്തയും ഇനത്തിൽ 12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതമായുള്ള 6 ലക്ഷം രൂപ ഉൾപ്പെടുത്തിയാണ് പ്രോജക്ട് നടപ്പിലാക്കിയത്. എന്നാൽ സ്കൂൾ പഠനം നടത്താത്ത 18 വയസ്സിന് മുകളിലുള്ള 10 അധികം ഭിന്നശേഷിക്കാരായവർ ഗ്രാമപഞ്ചായത്തിലുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചെങ്കിലും അവർക്കായി ധനസഹായ വിതരണത്തിന് പ്രോജക്ടിൽ വ്യവസ്ഥയില്ല. കുടുംബശ്രീ, സാമൂഹ്യനീതി വകുപ്പ് എന്നിവയുടെ സഹായത്തോടെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ, 18 വയസ്സിന് മുകളിലുള്ളവർക്കായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്നിവ സ്ഥാപിക്കാൻ നിർദ്ദേശമുള്ളതാണെങ്കിലും ഇതുസംബന്ധമായ ആലോചനയൊന്നും പദ്ധതി ആസൂത്രണത്തിന്റെ ഒരു തലത്തിലും നടന്നിട്ടില്ലായെന്ന് കാണുന്നു.

വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കി സൂക്ഷിക്കാനും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമായി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ്. 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചതാണ്. ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 പേ-റിവിഷൻ അരിയർ- കുടിശ്ശിക ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല

2017-18 വർഷത്തിൽ G.O.(P) No.7/2016/Fin. Dated 20/01/2016 പ്രകാരം ജീവനക്കാരുടെ ശമ്പളനിർണ്ണയം ചെയ്ത് കുടിശ്ശിക ശമ്പളം നാലു ഗഡുക്കളായി കൈപ്പറ്റിയിട്ടുണ്ട്. വൗച്ചർ നമ്പർ 21800091/30-05-2018 പ്രകാരം 28,947/- രൂപ 12 ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനായി അടവാക്കിയിട്ടുണ്ട്. ഇതുൾപ്പെടെ മൂന്നു ഗഡുക്കളായി അടവാക്കിയ പെൻഷൻ കോൺട്രിബ്യൂഷൻ, ശമ്പള നിർണ്ണയ പ്രകാരം അടിസ്ഥാന ശമ്പളത്തിലുണ്ടായ വർദ്ധനവ് എന്നിവ പരിശോധിച്ചതിൽ അടിസ്ഥാന ശമ്പള വർദ്ധനവിന്റെ 15% പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പേര് | തസ്തിക | അടിസ്ഥാന ശമ്പളത്തിലെ വ്യത്യാസം | അടവാക്കേണ്ട തുക 15% | അടവാക്കിയ തുക |
|---|---|---|---|---|---|
| 1 | ശ്രീ.പീതാംബരൻ.യു.കെ | സെക്രട്ടറി | 563530 | 84530 | 18762 |

| | | | | | |
|---|---|---|---|---|---|
| 2 | ശ്രീ ജോളി ജോൺ | അസി.സെക്രട്ടറി | 378118 | 56718 | 10854 |
| 3 | ശ്രീ രവീന്ദ്രൻ വി കെ | ഹെഡ് ക്ലർക്ക് | 317480 | 47622 | 7410 |
| 4 | ശ്രീ പരമേശ്വരൻ നമ്പൂതിരി | അക്കൗണ്ടന്റ് | 307453 | 46118 | 8658 |
| 5 | ശ്രീ അജിത് കുമാർ | സീനിയർ ക്ലർക്ക് | 268180 | 40227 | 6330 |
| 6 | ശ്രീ രാജേഷ് കുമാർ എസ് | സീനിയർ ക്ലർക്ക് | 260910 | 39137 | 6255 |
| 7 | ശ്രീ ശിവപ്രസാദ് | സീനിയർ ക്ലർക്ക് | 223647 | 33547 | 3591 |
| 8 | ശ്രീ മുഹമ്മദ് ഷരീഫ് | ക്ലർക്ക് | 233183 | 34977 | 5691 |
| 9 | ശ്രീ ഷാജൻ യു വി | ക്ലർക്ക് | 217820 | 32673 | 5460 |
| 10 | ശ്രീമതി ഷീന പി | ക്ലർക്ക് | 195060 | 29259 | 4860 |
| 11 | ശ്രീ ആന്റണി കെ ജെ | ഓഫീസ് അറ്റൻഡന്റ് | 194690 | 29204 | 6063 |
| 12 | ശ്രീ വിനയ് രാജ് | പി ടി എസ് | 103320 | 15498 | 2907 |

അടിസ്ഥാന ശമ്പള വർദ്ധനവിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ്.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 06.08.2019 മുതൽ 07.08.2019 വരെ | കെ.എസ്.എ.എം.പി.എം. 15/1315/2019 തിയതി.24.08.2019 |

# 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രാരംഭ ബാക്കി | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 397110 | | പ്രോ.നം-27/18-19 ലൈഫ് ഭവന പദ്ധതി ജനറൽ | 397110 | 0 |
| | 300000 | | പ്രോ.നം-113/18-19 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ആകെ | 697110 | | | 697110 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1257534 | | പ്രോ.നം-27/18-19 ലൈഫ് ഭവന പദ്ധതി ജനറൽ | 1257534 | 0 |
| | 200000 | | പ്രോ.നം.114/18-19 വയോജനങ്ങൾക്ക് കട്ടിൽ | 200000 | 0 |
| | 300000 | | പ്രോ.നം.43/18-19 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | 810000 | | പ്രോ.നം.83/18-19 എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലറ്റ് | 724971 | 85029 |
| | 825000 | | പ്രോ.നം.53/18-19 നെൽകൃഷി വികസനം | 825000 | 0 |
| | 17450 | | പ്രോ.നം.184/18-19 വയോജനങ്ങൾക്ക് കട്ടിൽ(എസ്.സി) | 17036 | 414 |
| | | 100000 | പ്രോ.നം.188/18-19 പാലിയേറ്റീവ് കെയർ | 99652 | 348 |
| | | 200000 | പ്രോ.നം.188/18-19 വട്ടച്ചിറ മലക്കാട് വേലക്കാട് വിസിബി റിപ്പയർ | 200000 | 0 |
| | | 85552 | പ്രോ.നം.91/17-18 പാലിയേറ്റീവ് കെയർ | 0 | 85552 |
| | | 50000 | പ്രോ.നം.53/17-18 തുല്യത പഠനം | 0 | 50000 |

| ആകെ | 3845536 | | 3624193 | 221343 |
|---|---|---|---|---|

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബില്ല്/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | പ്രോജക്ട് നമ്പർ.142/18-19 ചക്കപ്പൻത്താഴം ലൈൻ എക്സ്റ്റൻഷൻ | 21800366 | 614829 | 0 | ഇല്ല | 614829 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട് നമ്പർ.46/18-19 സ്ട്രീറ്റ് മെയിൻ വാർഡ്-18 | 21800798 | 100000 | 0 | ഇല്ല | 100000 |
| | പ്രോജക്ട് നമ്പർ.40/18-19 കുണ്ടൂർ ടൗൺ റോഡ് ത്രീ ഫെയ്സ് ഇൻസ്റ്റലേഷൻ | 21800816 | 249986 | 0 | ഇല്ല | 249986 |
| | പ്രോജക്ട് നമ്പർ.47/18-19 വിവധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21800799 | 471000 | 0 | ഇല്ല | 471000 |
| | പ്രോജക്ട് നമ്പർ.47/18-19 വിവധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21800786 | 178180 | 0 | ഇല്ല | 178180 |
| | പ്രോജക്ട് നമ്പർ.38/18-19 കാവുങ്ങൽ മുഹമ്മദ് ഹാജി റോഡ് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 21800800 | 44383 | 0 | ഇല്ല | 44383 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രോജക്ട് നമ്പർ.45/18-19 വാർഡ് -15 ൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21800801 | 74812 | 0 | ഇല്ല | 74812 |
| | പ്രോജക്ട് നമ്പർ.201/18-19 ദുബൈപീടിക റോഡ് ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് | 21800797 | 72018 | 0 | ഇല്ല | 72018 |
| | പ്രോജക്ട് നമ്പർ.44/18-19 വാർഡ് -12 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21800873 | 198594 | 0 | ഇല്ല | 198594 |
| | പ്രോജക്ട് നമ്പർ.47/18-19 വിവധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21800832 | 50000 | 0 | ഇല്ല | 50000 |
| | പ്രോജക്ട് നമ്പർ.47/18-19 വിവധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21800895 | 49666 | 0 | ഇല്ല | 49666 |
| | പ്രോജക്ട് നമ്പർ.47/18-19 വിവധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21800974 | 104578 | 0 | ഇല്ല | 104578 |
| | പ്രോജക്ട് നമ്പർ.47/18-19 വിവധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21800956 | 49914 | 0 | ഇല്ല | 49914 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രോജക്റ്റ് നമ്പർ.47/18-19 വിവധ വാർഡുകളിൽ സ്റ്റീറ്റ് മെയിൻ സ്ഥാപിക്കൽ | 21800957 | 49914 | 0 | ഇല്ല | 49914 |
| | പ്രോജക്റ്റ് നമ്പർ.47/18-19 വിവധ വാർഡുകളിൽ സ്റ്റീറ്റ് മെയിൻ സ്ഥാപിക്കൽ | 21800958 | 99946 | 0 | ഇല്ല | 99946 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1548073 |
| തൻവർഷം നിക്ഷേപിച്ച തുക | 131586 |
| ആകെ | 1679659 |
| തന്നാണ്ടില് പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1679659 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| നിക്ഷേപത്തിന്റെ വിവരം (ബാങ്ക്) | തുക | രശീതി നം തിയതി. |
|---|---|---|
| തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (fixed Deposit) | 1679659 | FDR No.004607 |
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിനിംഗ് മിൽസ് (share Certificate) | 500 | S.No.55. Dated.27/07/1977 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ്

# ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-2 | 2002-03 | പൊതു പരാമർശം 10-1-3 | കുടിവെള്ള പദ്ധതി അപാകതകൾ | നടപടി തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നടപടി തുടരുന്നു |
| 2014-15 | 2-7 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | നടപടി തുടരുന്നു |
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നടപടി തുടരുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നടപടി തുടരുന്നു |

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

**എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക**

**ഇല്ല**

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക**

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2006-07 | 3-2 | ഡോ.ആർ. മുകുന്ദ വർമ മെഡിക്കൽ ഓഫീസർ പി.എച്ച്.സി (ആരോഗ്യം) | LF.9703/ Spl.Cell/ CSC/D1/11 dt.15.12.2014 | 41800 | അടവാക്കിയിട്ടില്ല | ഇല്ല | ഇല്ല | 0 | 0 | 0 | 41800 |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 102526585.43 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 69690990 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7618766 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16(1) | 5068 | വി.സംഗീത (കൃഷി ഓഫീസർ) |
| 1-16(3) | 150000 | വി.സംഗീത (കൃഷി ഓഫീസർ) |
| 1-18 | 244688 | ഡോ.സൽമ .വി (മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)) |
| 1-19 | 99652 | ഡോ.സൽമ .വി (മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)) |
| 1-20 | 3854980 | ശ്രീമതി.ബിസിലി ബിന്ദു.ടിഎസ് (സെക്രട്ടറി) |
| | 354018 | ശ്രീ.ജോളി ജോൺ.ജെ (സെക്രട്ടറി ഇൻ ചാർജ്) |
| 1-21 | 2835360 | ശ്രീമതി.ബിസിലി ബിന്ദു.ടിഎസ് (സെക്രട്ടറി) |
| 1-22 | 75000 | ശ്രീമതി.ബിസിലി ബിന്ദു.ടിഎസ് (സെക്രട്ടറി) |
| ആകെ | 76,18,766 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.സംഗീത | കൃഷി ഓഫീസർ | ശ്രേയസ്സ്, വള്ളിക്കുന്ന് (പിഒ) മലപ്പുറം |
| ഡോ.സൽമ .വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | തയ്യിൽ ഹൗസ്, ഇറക്കൽ മിസ്രി, നറുകര (പിഒ) മഞ്ചേരി |
| ശ്രീമതി.ബിസിലി ബിന്ദു.ടിഎസ് | സെക്രട്ടറി | അഭിരാമം, പുത്തരിക്കൽ, നെടുവ(പിഒ), പരപ്പനങ്ങാടി |
| ജോളി ജോൺ.ജെ | അസിസ്റ്റന്റ് സെക്രട്ടറി | കൊച്ചകശ്ശേരിൽ ഹൗസ്, ചിങ്ങോലി പിഒ, കാർത്തികപള്ളി, ആലപ്പുഴ (ജില്ല) |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2005-06 | എൽ എഫ് എം.17/277/09 തിയ്യതി 13.07.09 | 6 | |
| 2006-07 | എൽ എഫ് എം.17/68/10 തിയ്യതി 11.12.11 | 10 | |
| 2007-08 | എൽ എഫ് എം.15/351/12 തിയ്യതി 22.05.12 | 22 | |
| 2008-09 | എൽ എഫ് എം.15/1400/11 തിയ്യതി 19.11.11 | 16 | |
| 2009-10 | എൽ എഫ് എം.15/1401/11 തിയ്യതി 19.11.11 | 15 | |
| 2010-11 | എൽ എഫ് എം.15/2065/13 തിയ്യതി 11.11.13 | 8 | |
| 2011-12, | എൽ എഫ് എം.15/3566/14 തിയ്യതി 06.02.15 | 11 | |
| 2012-13 | കെ.എസ്.എ.എം.പി.എം.15/386/17 തിയ്യതി 14.06.2017 | 6 | |
| 2013-14,14-15 | കെ എസ് എ എം പി എം 15/2110/16 തിയ്യതി 09.08.16 | 11 | |
| 2015-16 | കെ എസ് എ എം പി എം 15/1/17 തിയ്യതി 07.12.17 | 9 | |

| | | | | |
|---|---|---|---|---|
| 2016-17 | കെ എസ് എ എം പി എം 15/1812/17<br>തിയ്യതി 22.06.18 | 16 | | |
| 2017-18 | നം.കെ.എസ്.എ.എം.പി.എം15/260/2019<br>തിയതി: 19/02/2019 | 14 | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം.

# Annexure-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.15/1315/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in


തിയ്യതി: 24-08-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ **നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ** 31.3.2019ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധ നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**

ANNEXURE II

KSA-MPM15/1315/2019

Kerala State Audit Department

District Audit Office, Malappuram

PIN – 676 505 Phone : 0483 2734951

Email-dompm.ksad@kerala.gov.in

Dated 24-08-2019

CERTIFICATE

Certified that I have examined the Annual Financial Statement of Nannambra Grama Panchayath for the year ended on 31-03-2019 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the certification of Accounts of Panchayath Raj Institutions/Municipalities/Corporations.

In my opinion the financial statement of Nannambra Grama Panchayath for the year 2018-19 subject to the observations in the Annexure properly presents the picture of Income, expenditure and closing balance.

DEPUTY DIRECTOR (H.G)

# Annexure-2 Audited Abstract

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്